# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.11.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. **രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഒഡീഷ നിയമസഭയെ അഭിസംബോധന ചെയ്യും.**

   **President Droupadi Murmu is scheduled to address the Odisha Legislative Assembly today.**

2. **പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ബഹിരാകാശ സ്റ്റാർട്ടപ്പായ സ്കൈറൂട്ടിന്റെ ഇൻഫിനിറ്റി കാമ്പസ് ഉദ്ഘാടനം നിർവ്വഹിക്കും.**

   **Prime Minister Narendra Modi will inaugurate Indian space startup Skyroot's Infinity Campus today.**

3. **ഇന്ത്യ–ഇന്തോനേഷ്യ മൂന്നാമത് പ്രതിരോധ മന്ത്രിതല സംഭാഷണം ഇന്ന് ന്യൂഡൽഹിയിൽ.**

   **India, Indonesia Hold Third Defence Ministers' Dialogue in New Delhi Today.**

4. **അപൂർവ്വ മൂലകങ്ങളിൽ നിന്നുള്ള ശക്തിയേറിയ കാന്തങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കാൻ 7,280 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകി കേന്ദ്രസർക്കാർ.**

   **Center approves 7 thousand 280 crore rupees scheme to promote manufacturing of Sintered Rare Earth Permanent Magnets.**

5. **കേരളത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജിതമാക്കി മുന്നണികൾ.**

   **Political fronts have intensified their campaigning for the local body elections in Kerala.**

6. **ഹോങ്കോങ്ങിലെ വാങ് ഫുക്ക് ഭവന സമുച്ചയത്തിലുണ്ടായ തീപിടുത്തത്തിൽ മരിച്ചവരുടെ എണ്ണം 44 ആയി.**

   **In Hong Kong, the death toll in a high rise apartment fire at the Wang Fuk Court housing complex has risen to 44.**

## PRESIDENT ODISHA ASSEMBLY

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഒഡീഷ നിയമസഭയെ അഭിസംബോധന ചെയ്യും. ഇന്നാരംഭിക്കുന്ന ഒഡീഷ നിയമസഭയുടെ ശൈത്യകാല സമ്മേളന ത്തിന്റെ ഭാഗമായാണ് അഭിസംബോധന. ചരിത്ര നിമിഷത്തിനായി കാത്തി രിക്കുകയാണെന്ന് സംസ്ഥാന പാർലമെന്ററി കാര്യ മന്ത്രി മുകേഷ് മഹാലിംഗ് പറഞ്ഞു. 2000, 2004 വർഷങ്ങളിൽ ഒഡിഷയിലെ റായ് രംഗ്പൂരിൽ നിന്നുള്ള നിയമസഭാംഗമായിരുന്നു ശ്രീമതി മുർമു. നിയമ സഭാംഗമായും മന്ത്രിയായും ഒഡിഷയിൽ സേവനമനുഷ്ഠിച്ച ശ്രീമതി മുർമുഝാർഖണ്ഡ് ഗവർണറായും ചുമതല നിർവ്വഹിച്ചു.

## PREZ - CYPRUS DELEGATION

സൈപ്രസ് ജനപ്രതിനിധിസഭാ പ്രസിഡന്റ് അനിറ്റ ദിമെത്രിയോയുടെ നേതൃത്വത്തിലുള്ള പാർലമെന്ററി പ്രതിനിധി സംഘം രാഷ്ട്രപതി ദ്രൗപതി മുർമുവിനെ സന്ദർശിച്ചു. സൈപ്രസുമായുള്ള പങ്കാളിത്തത്തെ ഇന്ത്യ വില മതിക്കുന്നുവെന്ന് കൂടിക്കാഴ്ചയിൽ രാഷ്ട്രപതി പറഞ്ഞു. സമീപ വർഷങ്ങ ളിൽ ഇന്ത്യയും സൈപ്രസും തമ്മിലുള്ള രാഷ്ട്രീയ ബന്ധം, സാമ്പത്തിക സഹകരണം, പ്രതിരോധ പങ്കാളിത്തം എന്നിവ കൂടുതൽ ശക്തിപ്പെട്ടതായി അവർ ചൂണ്ടിക്കാട്ടി.

## NAVY DAY (INTRO)

ഈ വർഷത്തെ നാവിക സേന ദിനാഘോഷങ്ങൾ ഡിസംബർ 3-ന് ഉച്ച കഴിഞ്ഞ് തിരുവനന്തപുരത്തെ ശംഖുമുഖം ബീച്ചിൽ നടക്കും. രാഷ്ട്രപതി ദ്രൗപദി മുർമു മുഖ്യാതിഥിയാകും. ഡിസംബർ 4-നാണ് നാവികസേനാ ദിനം. ആഘോഷങ്ങൾക്ക് മുന്നോടിയായി ഈ മാസം 29 നും ഡിസംബർ ഒന്നിനും ഉച്ചകഴിഞ്ഞ് ശംഖുമുഖം ബീച്ചിൽ ഫുൾ ഡ്രസ് റിഹേഴ്സൽ നടക്കും. ഒരുക്ക ങ്ങൾ മികച്ച രീതിയിൽ പുരോഗമിക്കുന്നതായി കമോഡോർ വിജു സാമുവൽ പറഞ്ഞു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...
(വോയിസ്....)

❁❁❁❁❁❁❁❁❁❁❁❁❁

## PM SKYROOT

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഇന്ത്യൻ ബഹിരാകാശ സ്റ്റാർട്ടപ്പായ സ്കൈറൂട്ടിന്റെ ഇൻഫിനിറ്റി കാമ്പസ് വീഡിയോ കോൺഫറൻസിംഗിലൂടെ ഉദ്ഘാടനം ചെയ്യും. ഉപഗ്രഹങ്ങളെ ഭ്രമണപഥത്തിലെത്തിക്കാനുള്ള സ്കൈറൂട്ടിന്റെ ആദ്യത്തെ ഓർബിറ്റൽ റോക്കറ്റായ വിക്രം-I പ്രധാനമന്ത്രി അനാച്ഛാദനം ചെയ്യും. ഐഎസ്ആർഒ മുൻ ശാസ്ത്രജ്ഞരായ പവൻ ചന്ദന, ഭരത് ധാക്ക എന്നിവർ ചേർന്ന് ഹൈദരാബാദിലാണ് സ്വകാര്യ ബഹിരാകാശ കമ്പനിയായ സ്കൈറൂട്ട് സ്ഥാപിച്ചത്. 2022 നവംബറിൽ, സബ്-ഓർബിറ്റൽ റോക്കറ്റായ വിക്രം-എസ് വിക്ഷേപിച്ചു കൊണ്ട് സ്കൈറൂട്ട്, ബഹിരാകാശത്തേക്ക് റോക്കറ്റ് വിക്ഷേപിക്കുന്ന ആദ്യത്തെ ഇന്ത്യൻ സ്വകാര്യ കമ്പനിയായി.

❁❁❁❁❁❁❁❁❁❁❁❁❁

## RAJNATH INDIA-INDONESIA DIALOGUE

ഇന്ന് ന്യൂഡൽഹിയിൽ നടക്കുന്ന മൂന്നാമത് ഇന്ത്യ–ഇന്തോനേഷ്യ പ്രതിരോധ മന്ത്രിമാരുടെ സംഭാഷണത്തിൽ രാജ്യ രക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, ഇന്തോനേഷ്യൻ പ്രതിരോധമന്ത്രി ഷാഫ്രി സ്ജാംസുദ്ദീനൊപ്പം സഹ അധ്യക്ഷത വഹിക്കും. പ്രദേശിക സുരക്ഷാ സാഹചര്യങ്ങൾ ഇരുവരും വിലയിരുത്തും. പ്രതിരോധ സഹകരണം വിപുലീകരിക്കുന്നതിനുള്ള പുതിയ മേഖലകൾ ആരായും. നവംബർ 26, 27 തിയതികളിൽ രണ്ട് ദിവസത്തെ ഇന്ത്യ സന്ദർശനത്തിനായാണ് ഇന്തോനേഷ്യൻ പ്രതിരോധ മന്ത്രി ഇന്ത്യയിലെത്തിയത്.

❁❁❁❁❁❁❁❁❁❁❁❁❁

## MEA - CHINA (INTRO)

ഷാങ്ഹായ് വിമാനത്താവളത്തിൽ അരുണാചൽ പ്രദേശ് സ്വദേശിനിയെ തടഞ്ഞുവച്ച ചൈനയുടെ നടപടിയെ വിമർശിച്ച് വിദേശകാര്യ മന്ത്രാലയം. അരുണാചൽ പ്രദേശ് ഇന്ത്യയുടെ അവിഭാജ്യഘടകമാണെന്നും ചൈന അംഗീകരിച്ചില്ലെങ്കിലും ഇത് യാഥാർത്ഥ്യമായി തുടരുമെന്നും വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു.

(വോയിസ്.....)

# MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പരിപാടി 'മൻ കീ ബാത്' ഈ ഞായറാഴ്ച രാവിലെ 11 മണിക്ക്. ആകാശവാണിയുടെ എല്ലാ നിലയങ്ങളിലും ദൂരദർശനിലും പരിപാടി തത്സമയം ലഭ്യമാകും. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും നിർദ്ദേശങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെ അറിയിക്കാം.

# EC - SIR

വോട്ടർ പട്ടിക തീവ്ര പരിഷ്കരണത്തിന്റെ രണ്ടാം ഘട്ടത്തിലൂടെ, ഇതുവരെ 50 കോടി 54 ലക്ഷത്തിലധികം എൻന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. കേരളം ഉൾപ്പെടെ ഒമ്പത് സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളിലുമായി ഈ മാസം 4 നാണ് എസ്. ഐ. ആർ രണ്ടാം ഘട്ടം ആരംഭിച്ചത്.

# SIR STATE

കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം ഒരു കോടി 6 ലക്ഷത്തി 81,040 ആയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. 50 ഫോമുകളിൽ താഴെ ഡിജിറ്റൈസ് ചെയ്ത BLO മാരുമായി സംസാരിച്ച് അവരുടെ പ്രശ്നങ്ങൾ മനസിലാക്കിയതായും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു.

# HIGH COURT ORDER- HOSPITALS

അത്യാസന്ന നിലയിൽ എത്തുന്നവരുടെ ജീവൻ രക്ഷിക്കാനാവശ്യമായ അടിയന്തര ചികിത്സ നൽകുന്നതിൽ ഒരാശുപത്രിയും വീഴ്ച വരുത്താൻ പാടില്ലെന്ന് കേരള ഹൈക്കോടതി. പണം മുൻകൂർ ലഭിക്കണമെന്ന് സ്വകാര്യ ആശുപത്രികളും നിഷ്കർഷിക്കരുത്. രേഖകൾ കൈവശമില്ലെന്ന കാരണ

ത്താലും ചികിത്സ നിഷേധിക്കരുത്. കൂടുതൽ സൗകര്യങ്ങളുള്ള ആശുപത്രി യിലേക്ക് ഇവരെ മാറ്റുമ്പോൾ സുരക്ഷിതമായ യാത്ര ഉറപ്പാക്കണമെന്നും ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.

# KERALA ELECTION

കേരളത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിന്റെ പ്രചാരണം ഊർജിതമായി. സ്ഥാനാർത്ഥിചിത്രം വ്യക്തമായതിനു പിന്നാലെ മൂന്നു മുന്നണികളുടെയും പ്രവർത്തനം അടുത്ത ഘട്ടത്തിലേക്കു കടന്നു. വീടുകളിലെത്തി വോട്ടർമാരെ നേരിൽക്കാണുന്ന തിരക്കിലാണ് സ്ഥാനാർത്ഥികൾ. അതേസമയം, വാർഡ് കൺവൻഷനുകൾക്കു പിന്നാലെ ബൂത്തുതല യോഗങ്ങളിലേക്കും കുടുംബ സംഗമങ്ങളിലേക്കും കടക്കുകയാണ് പാർടികൾ. സ്ഥാനാർഥികളുടെ വാഹന പര്യടനവും സ്വീകരണപരിപാടിയുമാണ് അടുത്ത ഘട്ടത്തിൽ നടക്കുക. മുതിർന്ന നേതാക്കൾ പങ്കെടുക്കുന്ന തെരഞ്ഞെടുപ്പു റാലികൾക്കും തുടക്ക മാകും. അടുത്തമാസം 9, 11 തീയതികളിലാണ് വോട്ടെടുപ്പ്. നിയമസഭ തെരഞ്ഞെടുപ്പിനു മുന്നോടിയായുള്ള ജനവിധി എന്ന നിലയിൽ പരമാവധി നേട്ടമുണ്ടാക്കാനുള്ള ശ്രമത്തിലാണ് മുന്നണികൾ.

# ASHWINI VAISHNAW (INTRO)

അപൂർവ്വ മൂലകങ്ങളിൽ നിന്നുള്ള ശക്തിയേറിയ കാന്തങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കാൻ 7,280 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകി കേന്ദ്രമന്ത്രിസഭാ യോഗം. ഇലക്ട്രിക് വാഹനങ്ങൾ, പുനരുപയോഗ ഊർജ്ജം, ഇലക്ട്രോണിക്സ്, എയറോസ്പേസ്, പ്രതിരോധ ആവശ്യങ്ങൾ എന്നിവയ്ക്ക് അത്യന്താപേക്ഷിതമായ റെയർ എർത്ത് പെർമനൻ്റ് മാഗ്നെറ്റ് നിലവിൽ ഇറക്കുമതിയിലൂടെയാണ് ലഭ്യമാക്കുന്നത്. രാജ്യത്ത് സംയോജിത REPM നിർമ്മാണ കേന്ദ്രങ്ങൾ സ്ഥാപിക്കുമെന്നും ഇത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനൊപ്പം സ്വയംപര്യാപ്തത ശക്തിപ്പെടുത്തുമെന്നും കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് മന്ത്രിസഭാ യോഗതീരുമാനങ്ങൾ വിശദീകരിച്ചു കൊണ്ട് പറഞ്ഞു.

(വോയിസ്.....)

പൂനെ മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിനും മഹാരാഷ്ട്ര, ഗുജറാത്ത് സംസ്ഥാനങ്ങളിലെ 4 ജില്ലകൾ ഉൾപ്പെടുന്ന രണ്ട് മൾട്ടി-ട്രാക്കിംഗ് റെയിൽവേ പദ്ധതികൾക്കും കേന്ദ്ര മന്ത്രിസഭാ അംഗീകാരം നൽകി.

# HONG KONG FIRE

ഹോങ്കോങ്ങിലെ വാങ് ഫുക്ക് ഭവന സമുച്ചയത്തിലുണ്ടായ തീപിടുത്തത്തിൽ 44 പേർ മരിച്ചു. 279 പേരെ കാണാതായി. 700 പേരെ താൽക്കാലിക കേന്ദ്രങ്ങളിലേക്ക് മാറ്റിപ്പാർപ്പിച്ചു. ഭവന സമുച്ചയത്തിൽ എട്ട് ബ്ലോക്കുകളിലായി 2,000 അപ്പാർട്ടുമെന്റുകളിൽ ഏകദേശം 4,800 പേരാണ് താമസിച്ചിരുന്നത്. ഇന്നലെ രാത്രിയുണ്ടായ തീപിടുത്തവുമായി ബന്ധപ്പെട്ട് മൂന്ന് പേരെ ഹോങ്കോംഗ് പോലീസ് അറസ്റ്റ് ചെയ്തതായാണ് റിപ്പോർട്ട്.

# V SIVANKUTTY - LABOUR LAW

കേന്ദ്ര തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിജ്ഞാപനത്തിൻറെ പശ്ചാത്തലത്തിൽ, ഇന്ന് സംസ്ഥാനത്തെ കേന്ദ്ര ട്രേഡ് യൂണിയൻ പ്രതിനിധികളുടെ അടിയന്തര യോഗം വിളിച്ചു ചേർക്കുമെന്ന് മന്ത്രി വി.ശിവൻകുട്ടി അറിയിച്ചു. അതെസമയം, തൊഴിലാളികൾക്ക് അനുകൂലമായ നിലപാടാണ് പുതിയ തൊഴിൽ നിയമങ്ങളിൽ ഉള്ളതെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പ്രതികരിച്ചു. പുതിയ തൊഴിൽ നിയമങ്ങൾ തൊഴിലാളികൾക്ക് മിനിമം വേതനവും സാമൂഹിക സുരക്ഷയും ഉറപ്പാക്കുന്നതിൽ പരാജയമാണെന്ന തരത്തിൽ സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്തകൾ തെറ്റാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധനാ യൂണിറ്റ് അറിയിച്ചു.